# എൻ. എസ്. എസ്
# യു. പി. സ്കൂൾ
# പന്നൂർ.

സമഗ്രവിദ്യാലയ വികസന രേഖ

# പന്നൂർ വിഷൻ

(മാസ്റ്റർ പ്ലാൻ)

അക്കാദമികം

ഭൗതികം

സാമൂഹികം.

## 2025-2026

# ആമുഖം

പൊതു വിദ്യാഭ്യാസ രംഗത്ത് ശാക്തീകരണത്തിന്റെ ഭാഗമായി സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള ഉന്നത ലക്ഷ്യങ്ങളെ മുൻനിർത്തി രാജ്യത്തിന്റെ ജനാധിപത്യ മതേതര മൂല്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിലൂടെ രൂപകൽപന ചെയ്യുന്നത്. 5 കൊല്ലത്തിനപ്പുറം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തു വരുന്ന കുട്ടികളുടെ ആശയധാരണകളിലും ശേഷികളിലുമുള്ള വികാസം, കുട്ടിയുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലുമുണ്ടാകുന്ന മാറ്റം, വിവിധ ഭാഷകൾ അനായാസം ആശയവിനിമയത്തിനുപയോഗിക്കാൻ കഴിയും വിധം കുട്ടികളിലുണ്ടാകുന്ന ആത്മവിശ്വാസം, തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം എന്നിവ മനസ്സിൽക്കണ്ട് ഇത്തരം മാറ്റങ്ങളുണ്ടാകുവാൻ പര്യാപ്തമായ പശ്ചാത്തല സൗകര്യങ്ങളും പ്രായോഗികമായി ഒരുക്കുന്നതിനും, പുതിയ വെല്ലുവിളി ഏറ്റെടുക്കുവാൻ സ്വയം സന്നദ്ധമായിക്കൊണ്ട് അധ്യാപക ശാക്തീകരണത്തിനുള്ള സൗകര്യങ്ങളൊരുക്കുന്നതിനുമൊക്കെ സാധ്യമാകുന്ന വിധത്തിലുള്ള ഒരു സർഗ്ഗാത്മക പ്രവർത്തനമാണ് ഏറ്റെടുക്കുന്നത്. അത് സാധ്യമാകും വിധം കാഴ്ചപ്പാടും ചിന്തയും പ്രവർത്തനവും ഏകോപിപ്പിച്ചു കൊണ്ട് സമയബന്ധിതമായി പ്രാവർത്തികമാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള ശ്രമകരമായ ദൗത്യം ഇവിടെ വിഭാവനം ചെയ്യുന്നു.

എൻ.എസ്.എസ്. യു.പി.എസ്. പന്നൂർ.

സ്കൂൾ മാസ്റ്റർ പ്ലാൻ

<u>അടിസ്ഥാന വിവരങ്ങൾ</u>

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : എൻ.എസ്.എസ്. യു.പി. എസ്. പന്നൂർ |
| 2. വിലാസം | : പന്നൂർ പി.ഒ. , കരിമണ്ണൂർ, തൊടുപുഴ - 685581 |
| 3. ഫോൺ | : |
| 4. സ്കൂൾ കോഡ് | : 29331 |
| 5. വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| 6. വിദ്യാഭ്യാസ ഉപജില്ല | : തൊടുപുഴ |
| 7. റവന്യൂ ജില്ല | : ഇടുക്കി |
| 8. ബി.ആർ.സി. | : കരിമണ്ണൂർ |
| 9. സി.ആർ. സി. | : ഗവ.യു.പി.എസ്. കരിമണ്ണൂർ |
| 10. ഗ്രാമ പഞ്ചായത്ത് | : കരിമണ്ണൂർ |
| 11. ബ്ലോക്ക് പഞ്ചായത്ത് | : ഇളംദേശം |
| 12. ജില്ലാ പഞ്ചായത്ത് | : ഇടുക്കി |
| 13. നിയമസഭാ മണ്ഡലം | : തൊടുപുഴ |
| 14. ലോകസഭാ മണ്ഡലം | : ഇടുക്കി |
| 15. താലൂക്ക് | : തൊടുപുഴ |
| 16. വില്ലേജ് | : കരിമണ്ണൂർ |
| 17. ഇ-മെയിൽ | : nssupspannoor@gmail.com |

## പദ്ധതി വിശദാംശങ്ങൾ
### അക്കാദമികം

പ്രവർത്തനം: 1

**പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 1 ദിവസം . | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 2

**പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ഡയറി**

**ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം . | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം: 3

**പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ബുള്ളറ്റിൻ**

**ഉപമേഖല: ഇംഗ്ലീഷ് സർഗ്ഗാത്മക രചന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ . | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ. | പ്രതിമാസ പരിപാടി | എച്ച്.എം. ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം: 4

പ്രവർത്തനത്തിന്റെ പേര്: ഗ്രാമർ സ്കൂൾ

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ. | വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ. | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം: 5

പ്രവർത്തനത്തിന്റെ പേര്: പ്രസംഗം തർജ്ജമ

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം: 6

പ്രവർത്തനത്തിന്റെ പേര്: പദപ്രശ്ന നിർമ്മാണം

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം: 7

പ്രവർത്തനത്തിന്റെ പേര്: രചനാ ശിൽപശാല

ഉപമേഖല: മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം. | കഥയരങ്ങ് / കവിയരങ്ങ് / രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ . ക്ലാസ്സ് മുറിയിലെ പഠന സാമഗ്രിയായി മേൽ പറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ . | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യ വേദി | |

പ്രവർത്തനം: 8

പ്രവർത്തനത്തിന്റെ പേര്: സർഗ്ഗ സല്ലാപം

ഉപമേഖല: ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ . അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ, പ്രസിദ്ധീകരിക്കൽ . | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം. പി.ടി.എ. | |

പ്രവർത്തനം: 9

പ്രവർത്തനത്തിന്റെ പേര്: ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല: ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. പി.ടി.എ. ലൈബ്രേറിയൻ | |

പ്രവർത്തനം: 10

പ്രവർത്തനത്തിന്റെ പേര്: നാടക കളരി

ഉപമേഖല: ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ . | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം. | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | |

പ്രവർത്തനം: 11

പ്രവർത്തനത്തിന്റെ പേര്: പാവനാടക പരിശീലന ശിൽപശാല

ഉപമേഖല: സർഗ്ഗാത്മക വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠ ഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി | |

പ്രവർത്തനം: 12

പ്രവർത്തനത്തിന്റെ പേര്: ഒറിഗാമി ശിൽപശാല

ഉപമേഖല: അക്കാദമികം / ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൾ. വിവിധ രൂപങ്ങൾ നിർമ്മിക്കപ്പെടുന്നു. ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തൽ , പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം. | എസ്. ആർ.ജി. ഒ.എ എസ്. എ. | |

പ്രവർത്തനം: 13

പ്രവർത്തനത്തിന്റെ പേര്: ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല: അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം. | എസ്. ആർ. ജി. ഗണിത ക്ലബ്ബ് | |

പ്രവർത്തനം: 14

പ്രവർത്തനത്തിന്റെ പേര്: ഗണിത പാർക്ക്

ഉപമേഖല: അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

പ്രവർത്തനം: 15

പ്രവർത്തനത്തിന്റെ പേര്: കൊളാഷ് നിർമ്മാണം

ഉപമേഖല: അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങളുടെ തിരിച്ചറിവ് | വിവിധ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ രൂപങ്ങളുടെ കൊളാഷ് നിർമ്മാണം | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

പ്രവർത്തനം: 16

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്രലാബ് നവീകരിക്കൽ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ് , കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ. ഇരിപ്പിടങ്ങൾ സജ്ജമാക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം: 17

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്രീയപോഷണ പരിപാടി

ഉപമേഖല: അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | വർഷത്തിൽ ആറു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം: 18

പ്രവർത്തനത്തിന്റെ പേര്: പ്രതിഭാപോഷണ പരിപാടി

ഉപമേഖല: അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കൽ | ഒഴിവ് സമയങ്ങളിൽ | എസ്. ആർ. ജി. എസ്.എസ്.ജി. | |

പ്രവർത്തനം: 19

പ്രവർത്തനത്തിന്റെ പേര്: മേളകൾ

ഉപമേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്ത നമാണ് എന്ന് മനസ്സിലാ ക്കുക. | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം: 20

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്രയാത്രകൾ

ഉപമേഖല: അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകര മാക്കൽ | കാർഷിക നഴ്സറികൾ / കൃഷിയിടങ്ങൾ, ശാസ്ത്ര പ്രദർശനം, പാഠ ഭാഗവുമായി ബന്ധപ്പെട്ട യാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ | |

പ്രവർത്തനം: 21

പ്രവർത്തനത്തിന്റെ പേര്: ദിനാചരണങ്ങൾ

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളെ കുറിച്ചുള്ള അറിവ് നേടൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | സയൻസ് ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം: 22

പ്രവർത്തനത്തിന്റെ പേര്: നിർമ്മാണ പ്രവർത്തനങ്ങൾ

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും | ശാസ്ത്ര പുസ്തകത്തിലെ പാഠഭാഗങ്ങളുമായി ബന്ധപെട്ട ചാർട്ടുകളും മോഡലുകളും നിർമ്മിക്കുന്നു. | ആവശ്യാനുസരണം | ശാസ്ത്ര അധ്യാപിക | |

പ്രവർത്തനം: 23

പ്രവർത്തനത്തിന്റെ പേര്: സയൻസ് കോർണർ

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചുള്ള അറിവ് നേടൽ | പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ ക്രമീകരിച്ച് പഠന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം: 24

പ്രവർത്തനത്തിന്റെ പേര്: ബോധവൽക്കരണ ക്ലാസ്സ്

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മഴക്കാല രോഗങ്ങളെ തടയുന്നതിനുള്ള മുന്നൊരുക്കം | മഴക്കാല രോഗങ്ങളെക്കുറിച്ച് കുട്ടികൾക്കും മുതിർന്ന വർക്കും ബോധവൽക്കരണ ക്ലാസ് നൽകുക. | വർഷത്തിൽ ഒന്ന് | എച്ച്.എം. പി.ടി.എ. | |

പ്രവർത്തനം: 25

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്ര മാജിക്

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. | ആവശ്യാനുസരണം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം: 26

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്ര പ്രദർശനങ്ങൾ

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കാം | ശാസ്ത്രവുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ശാസ്ത്ര . അധ്യാപിക | |

പ്രവർത്തനം: 27

പ്രവർത്തനത്തിന്റെ പേര്: ഔഷധസസ്യ തോട്ടം

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ഔഷധ സസ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക | വിദ്യാലയത്തിലെ സൗകര്യ പ്രദമായ സ്ഥലത്ത് ഔഷധ സസ്യങ്ങൾ നടലും അവയുടെ പരിപാലനവും . | വർഷത്തിൽ ഒന്ന് | ജൈവ വൈവിധ്യ ക്ലബ്ബ് സയൻസ് അധ്യാപിക എച്ച്.എം. പി ടി എ | |

പ്രവർത്തനം: 28

പ്രവർത്തനത്തിന്റെ പേര്: ശലഭോദ്യാനം

ഉപമേഖല: അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൂടുതൽ ശലഭങ്ങളെ ആകർഷിക്കുകയും അവയ്ക്ക് വേണ്ട ആവാസവും ഭക്ഷണവും ഒരുക്കൽ | വിദ്യാലയത്തിൽ ആകർഷകമായ വിധത്തിൽ ഒരു ഉദ്യാനം ഉണ്ടാക്കൽ | വർഷത്തിൽ ഒന്ന് | ജൈവ വൈവിധ്യ ക്ലബ്ബ് എച്ച് എം. പി.ടി.എ. | |

പ്രവർത്തനം: 29

പ്രവർത്തനത്തിന്റെ പേര്: അടുക്കളത്തോട്ടം

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | അടുക്കളയോട് ചേർന്ന് സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറി തോട്ടം നിർമ്മിക്കൽ | വർഷത്തിൽ ഒന്ന് | ജൈവ വൈവിധ്യ ക്ലബ്ബ് പി.ടി.എ. | |

പ്രവർത്തനം: 30

പ്രവർത്തനത്തിന്റെ പേര്: സാമൂഹ്യശാസ്ത്ര ലൈബ്രറി

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം: 31

പ്രവർത്തനത്തിന്റെ പേര്: ബുള്ളറ്റിൻ ബോർഡ്

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം: 32

പ്രവർത്തനത്തിന്റെ പേര്: പതിപ്പ് നിർമ്മാണം

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം രസകരമാക്കൽ | പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പതിപ്പുകളുടെ നിർമ്മാണം | ആവശ്യാനുസരണം | സാമൂഹ്യ ശാസ്ത്ര അധ്യാപിക സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം: 33

പ്രവർത്തനത്തിന്റെ പേര്: ദിനാചരണങ്ങൾ

ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളെ മനസ്സിലാക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ടു വരുന്ന ദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം: 34

പ്രവർത്തനത്തിന്റെ പേര്: മോക്ക് പാർലമെന്റ്

ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ , ഇതിന്റെ നേതൃത്വത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | 5 എണ്ണം.<br>1 കാലവർഷ സമ്മേളനം<br>2 തുലാവർഷ സമ്മേളനം<br>3 ഓണക്കാല സമ്മേളനം<br>4 ക്രിസ്തുമസ് സമ്മേളനം<br>5 വേനൽക്കാല സമ്മേളനം | എസ് ആർ ജി സ്കൂൾ പാർലമെന്റ് | |

പ്രവർത്തനം : 35

പ്രവർത്തനത്തിന്റെ പേര്: ഡിബേറ്റ് ക്ലബ്ബ്

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ , ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | എസ്.ആർ.ജി. | |

പ്രവർത്തനം : 36

പ്രവർത്തനത്തിന്റെ പേര്: സാമൂഹ്യ ശാസ്ത്ര ലാബ്

ഉപമേഖല: അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം : 37

പ്രവർത്തനത്തിന്റെ പേര്: പഠനയാത്രകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | ആവശ്യാനുസരണം | എസ്.ആർ.ജി | |

പ്രവർത്തനം : 38

പ്രവർത്തനത്തിന്റെ പേര് : രാഷ്ട്ര ഭാഷ , ശ്രേഷ്ഠ ഭാഷ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ | ആവശ്യാനുസരണം | ഹിന്ദി ക്ലബ്ബ് | |

പ്രവർത്തനം: 39

പ്രവർത്തനത്തിന്റെ പേര്: ഹിന്ദി അസംബ്ലി

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യൽ | മാസത്തിൽ രണ്ടു പ്രാവശ്യം കുട്ടികൾ അസംബ്ലി ഹിന്ദിയിൽ അവതരിപ്പിക്കുന്നു | മാസത്തിൽ രണ്ടു പ്രാവശ്യം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം: 40

പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു അനുസരിച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ<br>എച്ച്.എം.<br>പി ടി എ | |

പ്രവർത്തനം : 41

പ്രവർത്തനത്തിന്റെ പേര് : യോഗ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി യോഗ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നു വീതം | പിടി എ | |

പ്രവർത്തനം : 42

പ്രവർത്തനത്തിന്റെ പേര്: കുടിവെള്ള വിതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം, ടാങ്കിൽ നിന്നും ടോയ്ലറ്റ്, വാഷ്ടബ്ബ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | ആറ് മാസം | പി ടി എ | |

പ്രവർത്തനം : 43

പ്രവർത്തനത്തിന്റെ പേര്: മാലിന്യ സംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | 1 വർഷം | എസ് ആർ ജി | |

പ്രവർത്തനം : 44

പ്രവർത്തനത്തിന്റെ പേര്: ക്ലാസ് പി ടി എ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |